| S001 | CO |
|---|---|


# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ് പോർട്ട് കോർപ്പറേഷൻ

*ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം*

*ട്രാൻസ് പോർട്ട് ഭവൻ, ഫോർട്ട്, തിരുവനന്തപുരം*

phone No: 0471-2471011, Extn : 231 /236

E-mail: sr@kerala.gov.in Web: wwwkeralartc.com


---

നം. S001-SRA04/253/2025-STORE-KSRTC-HQ തീയതി : 09.01.2026

## ദർഘാസ്/ലേല പരസ്യം

കെ.എസ്.ആർ.ടി.സി യുടെ തിരുവനന്തപുരം ചീഫ് ഓഫീസിൽ റിക്കാർഡ് റൂമിൽ സൂക്ഷിച്ചിരിക്കുന്ന ഉപയോഗ ശൂന്യമായ രജിസ്റ്റർ/പേപ്പർ ദർഘാസ്/ലേലം ചെയ്തു വിൽക്കുന്നതിന് മുദ്ര വച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. **30.01.2026** തീയതി **13.00** മണി വരെ ദർഘാസുകൾ സ്വീകരിക്കുന്നതും അന്നേ ദിവസം 15.00 മണിക്ക് ദർഘാസ്/ലേലം നടത്തുന്നതുമാണ്. എന്തെങ്കിലും കാരണത്താൽ ടി ദിവസം ഓഫീസ് അവധിയായോ/ പ്രവൃത്തിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദർഘാസ്/ലേലം തൊട്ടടുത്ത പ്രവൃത്തി ദിനം അതേ സമയത്ത് അതേ സ്ഥലത്തു വച്ച് നടത്തുന്നതായിരിക്കും.

ഓരോ ദർഘാസിനും നിരതദ്രവ്യം 3000/- രൂപയാണ്. നിരതദ്രവ്യം FA & CAO യുടെ പേർക്ക് മാറാവുന്ന രീതിയിൽ ദേശസാൽകൃത ബാങ്കിൽ നിന്നും എടുത്ത ഡിമാൻറ് ഡ്രാഫ്റ്റായോ അല്ലെങ്കിൽ കെ.എസ്.ആർ.ടി.സി. യുടെ ഏതെങ്കിലും ഡിപ്പോയിലെ ക്യാഷ് കൗണ്ടറിൽ പണമായി ഒടുക്കിയതിൻെറ അസ്സൽ രസീതായോ നൽകേണ്ടതാണ്. പ്രസ്തുത നിരതദ്രവ്യത്തിന് പലിശ നൽകുന്നതല്ല. ദർഘാസുകൾ ചെയർമാൻ ആൻറ് മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി, ട്രാൻസ്പോർട്ട് ഭവൻ, തിരുവനന്തപുരം –ൻെറ പേർക്ക് നൽകേണ്ടതും ദർഘാസ് കവറിൻെറ പുറത്ത് **"ഉപയോഗ ശൂന്യമായ പേപ്പറിൻെറ 30.01.2026 തീയതിയിലെ ദർഘാസ്/ലേലത്തിന്"** എന്ന് രേഖപ്പെടുത്തേണ്ടതുമാണ്. ഒരു കിലോയ്ക്കുള്ള തുക എന്ന രീതിയിൽ ഇതോടൊപ്പം നൽകിയിട്ടുള്ള ദർഘാസിൻെറ മാതൃകയിൽ അക്കത്തിലും, അക്ഷരത്തിലും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. ദർഘാസിനോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന

മാതൃകയിൽ മാത്രം ദർഘാസ് സമർപ്പിക്കേണ്ടതാണ്. ലേലം നടത്തുന്നത് അടിസ്ഥാനവിലയ്ക്കാണ്. ലേലം നേടുന്ന വ്യക്തി ലേലതുകയോടൊപ്പം ആയതിൻെറ 5% GSTഉം ഒടുക്കേണ്ടതാണ്.

നിരതദ്രവ്യം ഒടുക്കി ദർഘാസ് സമർപ്പിക്കാത്ത വ്യക്തികൾക്കോ, സ്ഥാപനങ്ങൾ ക്കോ ലേലത്തിൽ പങ്കെടുക്കാൻ അവകാശമില്ല.

ഉപയോഗശൂന്യമായ രജിസ്റ്റർ/പേപ്പറുകൾ നിലവിലുള്ള രീതിയിൽ തന്നെ തരംതിരിക്കൽ ഒഴിവാക്കി, മേലധികാരികളുടെ മുൻകൂർ അനുമതിയോടെ ലേലം കൊണ്ടയാളോ, അയാൾ അധികാരപ്പെടുത്തിയ വ്യക്തിയോ സ്വന്തം ചെലവിൽ ഓഫീസ് സമയത്ത് ഓഫീസിൻെറ പ്രവർത്തനങ്ങൾക്ക് തടസ്സപ്പെടുത്താതെയും, ഓഫീസിനോ, ഓഫീസിൻെറ ഉപകരണങ്ങൾക്കോ, യാതൊരുവിധ കേടുപാടുകളും വരുത്താതെയും പൂർണ്ണമായും മാറ്റേണ്ടതാണ്.

ദർഘാസ്/ലേലം സ്ഥിരപ്പെടുത്തി 15 ദിവസത്തിനുള്ളിൽ തന്നെ ദർഘാസ് /ലേലം കൊണ്ടയാൾ ഉപയോഗശൂന്യമായ രജിസ്റ്റർ/പേപ്പറുകൾ നീക്കം ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം ദർഘാസ്/ലേലം റദ്ദു ചെയ്യുകയും അടച്ചപണം തിരികെ നൽകാതെയും വീണ്ടും ദർഘാസ് /ലേലം നടത്തുമ്പോൾ കെ.എസ്.ആർ.ടി.സി.യ്ക്ക് ഉണ്ടാകുന്ന നഷ്ടം ആദ്യം ദർഘാസ്/ലേലം കൊണ്ടയാളിൽ നിന്നും ഈടാക്കുന്നതാണ്.

ദർഘാസ്/ലേലം കൊണ്ടയാളുടെ നിരതദ്രവ്യം അയാളുടെ ആകെ ലേലം തുകയിൽ നിന്നും തട്ടി കിഴിക്കുന്നതും എന്നാൽ ദർഘാസ്/ലേലം കൊള്ളാത്തയാളുടെ നിരതദ്രവ്യം ദർഘാസ്/ലേലം പൂർത്തികരിക്കുന്ന മുറയ്ക്ക് എത്രയും പെട്ടെന്ന് തന്നെ തിരികെ നൽകുന്നതുമാണ്.

ദർഘാസ്/ലേലം കെ.എസ്.ആർ.ടി.സി., ചെയർമാൻ ആൻറ് മാനേജിംഗ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കും അതോടൊപ്പം ദർഘാസ്/ലേലത്തെ സംബന്ധിച്ച എല്ലാ കാര്യങ്ങളും നിയമവിധേയമാണ്. എന്തെങ്കിലും തർക്കമുണ്ടെങ്കിൽ അത്തരം വിഷയം തിരുവനന്തപുരത്തെ ബഹു. കോടതിയുടെ തീരുമാനത്തിന് വിധേയവുമാണ്. ഇതിലുപരി എന്തെങ്കിലും വിവരങ്ങൾ അറിയുന്നതിലേക്കായി കെ.എസ്.ആർ.ടി.സി യുടെ വെബ് സൈറ്റായ www.keralartc.com ലും ചെയർമാൻ ആൻറ് മാനേജിംഗ് ഡയറക്ടറുടെ കാര്യാലത്തിലെ ഫോൺ നമ്പർ -0471 -2471011-303, 236 നമ്പറിലും ലഭ്യമാണ്

ED(A) 9/1/2026

**ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് വേണ്ടി**

9/1/26 9.1.26 CPS

| S001 | CO |
|---|---|

# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ് പോർട്ട് കോർപ്പറേഷൻ

*ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം*
*ട്രാൻസ് പോർട്ട് ഭവൻ, ഫോർട്ട്, തിരുവനന്തപുരം*
phone No: 0471-2471011, Extn : 231 /236
E-mail: sr@kerala.gov.in Web: wwwkeralartc.com

നം. S001-SRA04/253/2025-STORE-KSRTC-HQ തീയതി: 09.01.2026

പ്രേഷിതൻ

----------------------------------

----------------------------------

----------------------------------

സ്വീകർത്താവ്

ചെയർമാൻ ആൻറ് മാനേജിംഗ് ഡയറക്ടർ
കെ.എസ്.ആർ.ടി.സി, ട്രാൻസ് പോർട്ട് ഭവൻ,
ഫോർട്ട്.പി.ഒ, തിരുവനന്തപുരം

സർ,

വിഷയം :- ഉപയോഗശൂന്യമായ പേപ്പറുകൾ ലേലം ചെയ്യുന്നത് സംബന്ധിച്ച് –

സൂചന:- നം. S001-SRA04/253/2025/STORE/KSRTC/HQ
തീയതി: 09.01.2025

കെ.എസ്.ആർ.ടി.സി. ട്രാൻസ്പോർട്ട് ഭവനിലെ റിക്കാർഡ് റൂമിൽ ശേഖരിച്ചിട്ടുള്ള ഉപയോഗശൂന്യമായ രജിസ്റ്റർ/പേപ്പറുകൾ ____________-ലെ ദർഘാസ്/ലേല പരസ്യം അനുസരിച്ച് നിലവിലുള്ള രീതിയിൽ തന്നെ തരം തിരിക്കൽ ഒഴിവാക്കി താഴെ പറയുന്ന നിരക്കിൽ സ്വീകരിക്കാമെന്നും അവ കെ.എസ്.ആർ.ടി.സി. യുടെ സ്ഥാവരജംഗമ വസ്തുക്കൾക്ക് നഷ്ടം വരാത്ത വിധത്തിൽ നിശ്ചിത സമയപരിധിക്കുള്ളിൽ നീക്കം ചെയ്തുകൊള്ളാമെന്നും ഇതിനാൽ അറിയിക്കുന്നു. ഒരു കിലോ ഗ്രാം ഉപയോഗശൂന്യമായ രജിസ്റ്റർ/പേപ്പറുകൾക്ക് താഴെപ്പറയുന്ന പ്രകാരം വില നൽകാമെന്ന് സമ്മതിക്കുന്നു.

ഒരു കിലോ ഉപയോഗശൂന്യമായ
രജിസ്റ്റർ/പേപ്പർ-ൻെറ അടിസ്ഥാന വില: } Rs. ________________

______________________________(അക്ഷരത്തിൽ)

GST @ 5% : Rs. ____________

ഒരു കിലോ ഉപയോഗശൂന്യമായ
രജിസ്റ്റർ/പേപ്പർ-ൻെറ അന്തിമ വില: } Rs. ________________

______________________________(അക്ഷരത്തിൽ)

**നിരതദ്രവ്യം അടച്ചതിൻെറ വിവരം**

രസീത് നമ്പർ /ഡി.ഡി നമ്പർ:

രസീത്/ ഡി.ഡി തീയതി:

രസീത്/ഡി.ഡി. തുക :

(ഒപ്പ്)

സ്ഥലം: വ്യക്തി/ സ്ഥാപനത്തിൻെറ പേര് --------------------

തീയതി: പൂർണ്ണമായ മേൽവിലാസം --------------------------

---------------------------------

ഫോൺ നമ്പർ -----------------------------